**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1995** **12-09-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറ നിയമലംഘനങ്ങൾക്കുള്ള നോട്ടീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | എ.ഐ. ക്യാമറകൾ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നതാരാണെന്ന് അറിയിക്കുമോ; | (എ) | എ.ഐ.ക്യാമറകൾ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നത് കെൽട്രോൺ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരാണ്. |
| (ബി) | പ്രസ്തുത നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നതു സംബന്ധിച്ച പ്രവൃത്തികൾ കെൽട്രോണിനെ ഏല്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കെൽട്രോണിനെ ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നതിനുള്ള തുക കണ്ടെത്തുന്നത് മോട്ടോർ വാഹന വകുപ്പാണോ കെൽട്രോൺ ആണോ എന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നതിനുള്ള തുക, പിഴ തുകയിൽ നിന്ന് മോട്ടോർ വാഹന വകുപ്പ് കെൽട്രോണിന് നൽകുന്നതാണ്. |
| (ഡി) | ഇപ്രകാരം നോട്ടീസ് അയയ്ക്കുന്നതിനുള്ള തുക സംബന്ധിച്ച് കെൽട്രോൺ മോട്ടോർ വാഹന വകുപ്പിന് നൽകിയ എസ്റ്റിമേറ്റിൽ പ്രതിപാദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | കെൽട്രോൺ മോട്ടോർ വാഹന വകുപ്പിന് നൽകിയ എസ്റ്റിമേറ്റ് പ്രകാരം കെൽട്രോൺ അയയ്ക്കുന്ന ഓരോ നോട്ടീസിനും 20 രൂപയും അതിന് പുറമെ ജി.എസ്.ടി യും നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ